Government of Kerala

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

നം. കൈറ്റ്/2019/1562(14) തീയതി: 21.02.2019

## സർക്കുലർ

വിഷയം:- **കൈറ്റ് - ഹൈടെക് സ്കൂൾ പദ്ധതി - ലിറ്റിൽ കൈറ്റ്സ് യൂണിറ്റുകളിൽ അനുവദനീയമായ പരമാവധി എണ്ണം അംഗങ്ങളെ തെരഞ്ഞെടുക്കുന്നതിനുമുള്ള നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.**

സൂചന:- 1. സ. ഉ(സാധാ) നം, 361/2018/പൊ.വി.വ തീയതി 20.01.2018.
2. കൈറ്റിന്റെ 13.02. 2018 ലെ KITE/2018/1515-1(5) നമ്പർ സർക്കുലർ.
3. കൈറ്റിന്റെ 07.01. 2019 ലെ KITE/2019/1562(1) നമ്പർ സർക്കുലർ.

സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് ഹൈസ്കൂളുകളിൽ 2019-21 വർഷത്തേയ്ക്കുള്ള ലിറ്റിൽ കൈറ്റ്സ് യൂണിറ്റുകളിൽ അംഗങ്ങളെ സൂചന 3 പ്രകാരം നടത്തിയ അഭിരുചി പരീക്ഷയുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുത്തിരുന്നു. അനുവദിച്ച അംഗസംഖ്യയ്ക്കനുസരിച്ച് ചില യൂണിറ്റുകളിൽ വിദ്യാർത്ഥികളെ നിശ്ചിത തീയതിക്കകം അംഗങ്ങളാക്കാൻ കഴിഞ്ഞിട്ടില്ലെന്നും അതിനാൽ ഒരവസരം കൂടി നൽകണമെന്നും ജില്ലാ കോ-ഓർഡിനേറ്റർമാർ ആവശ്യപ്പെട്ടിട്ടുണ്ട്. പ്രത്യേക അഭിരുചി പരീക്ഷയുടെ അടിസ്ഥാനത്തിലാണ് വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നത് എന്നതിനാൽ ഓരോ യൂണിറ്റിനും അനുവദിച്ചിട്ടുള്ള അംഗസംഖ്യ പൂർത്തീകരിക്കുന്നതിന് പ്രത്യേക പരീക്ഷ നടത്തുന്നതിന് തീരുമാനിച്ചിരിക്കുന്നു. ഇത് സംബന്ധിച്ച് താഴെപ്പറയുന്ന നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു:

1. ഓരോ യൂണിറ്റിനും അനുവദിച്ച അംഗങ്ങളുടെ എണ്ണം ലിറ്റിൽ കൈറ്റ്സ് ഓൺലൈൻ മാനേജ്മെന്റ് സിസ്റ്റത്തിൽ ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത എണ്ണം അംഗങ്ങളില്ലാത്ത യൂണിറ്റുകൾക്ക് ആവശ്യമെങ്കിൽ 2019 ഫെബ്രുവരി 28 ന് രാവിലെ 10.30 ന് കൈറ്റ് ലഭ്യമാക്കുന്ന ചോദ്യാവലി ഉപയോഗിച്ച് അഭിരുചി പരീക്ഷ നടത്തേണ്ടതാണ്.
2. നിലവിൽ അംഗങ്ങളായവർക്ക് പരീക്ഷ നടത്തേണ്ടതില്ല. എന്നാൽ മുൻപ് അപേക്ഷിക്കുകയും അർഹത നേടാതിരിക്കുകയോ അഭിരുചിപരീക്ഷാദിവസം ഹാജരാകാതിരിക്കുകയോ മറ്റ് കാരണങ്ങളാലോ അംഗങ്ങളാകാൻ കഴിയാത്ത വിദ്യാർത്ഥികൾക്കാണ് പരീക്ഷ നടത്തേണ്ടത്.
3. ഫെബ്രുവരി 28 ന് നടത്തുന്ന പരീക്ഷയിൽ 25 ശതമാനമോ അതിലധികമോ മാർക്ക് നേടിയ കുട്ടികളെ ഉൾപ്പെടുത്തി യൂണിറ്റുകൾക്ക് അനുവദിച്ചിട്ടുള്ള എണ്ണം പൂർത്തിയാക്കേണ്ടതാണ്.
4. 2019 ഫെബ്രുവരി 28 വൈകിട്ട് 5 മണിക്ക് മുൻപ് പുതുതായി തെരഞ്ഞെടുക്കുന്ന വിദ്യാർത്ഥികളെക്കൂടി ലിറ്റിൽ കൈറ്റ്സ് ഓൺലൈൻ മാനേജ്മെന്റ് സിസ്റ്റത്തിൽ ഉൾപ്പെടുത്തി കൺഫേം ചെയ്യേണ്ടതാണ്.

**കെ. അൻവർസാദത്ത്**
വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ

ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് അനുവദിച്ച എല്ലാ ഹൈസ്കൂൾ പ്രഥമാധ്യാപകർക്കും *(ജില്ലാ കോർഡിനേറ്റർ മുഖേന)*

പകർപ്പ്:

പൊതുവിദ്യാഭ്യാസ ഡയറക്ടർ - അറിവിലേക്ക്
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ/ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും *ജില്ലാകോർഡിനേറ്റർ മുഖേന*
കൈറ്റിലെ എല്ലാ ജില്ലാ കോർഡിനേറ്റർ/മാസ്റ്റർട്രെയിനർ കോർഡിനേറ്റർ/മാസ്റ്റർട്രെയിനർമാർക്കും
സ്റ്റോക്ക് ഫയൽ